LIBRARY ARCHIVES Kerala Legislative Assembly

പൊതുനിരത്തുകളിൽ നിക്ഷേപിക്കുന്ന കക്കൂസ് മാലിന്യം

235 (4278) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുനിരത്തുകളിൽ വ്യാപകമായ തോതിൽ കക്കൂസ് മാലിന്യം ടാങ്കർ ലോറികളിൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗുരുതരമായ ഈ പ്രശ്നം തടയുന്നതിനായി ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നത് ഒഴിവാക്കുന്നതടക്കമുള്ള കർശന നടപടികൾ കൈക്കൊള്ളാൻ തയ്യാറാകുമോ;

(സി) ഗ്രാമപഞ്ചായത്തുകളുടെ പ്രധാന കേന്ദ്രങ്ങളിലടക്കം നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും പഞ്ചായത്തുകൾ ഇതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അനുമതി നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)പൊതുനിരത്തുകളിൽ അപൂർവ്വമായി നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാലിന്യം നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ വാഹനം പിടിച്ചെടുത്ത് പോലീസിന് കൈമാറുകയും കേരള മുനിസിപ്പൽ ആക്ട് 340 എ&ബി എന്നീ വകുപ്പുകൾ പ്രകാരം പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പഞ്ചായത്തുകളിൽനിന്ന് നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

വിദ്യാലയങ്ങൾക്കും ഹോസ്റ്റലുകൾക്കും സമീപം ലഹരിവസ്തുക്കൾ തടയാൻ നടപടി

236 (4279) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങൾക്കും ഹോസ്റ്റലുകൾക്കും സമീപം പുകയില ഉല്പന്നങ്ങളും ലഹരിവസ്തുക്കളും വിൽക്കുന്നതും ഉപയോഗിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവയുടെ വില്പനയും ഉപയോഗവും തടയുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇത്തരം നിർദ്ദേശങ്ങളും ഉത്തരവുകളും കർശനമായി പാലിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യാൻ എന്തൊക്കെ സംവിധാനങ്ങളാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 24/11/2011-ലെ 34591/ആർ.ഡി. 3/2011/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം (അനുബന്ധം I)* പാൻമസാല തുടങ്ങിയ ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗത്തിനുമെതിരെ പൊതുജനങ്ങളിൽ ശക്തമായ ബോധവൽക്കരണം നടത്തുവാനും ഇതിലേക്കായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി എടുക്കേണ്ടതാണെന്നും കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുസമീപം 400 മീറ്റർ ചുറ്റളവിൽ ഇവയുടെ വിൽപ്പനക്കുള്ള നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് അധ്യാപകരുടേയും അദ്ധ്യാപക-രക്ഷാകർതൃസംഘടനകളുടെയും പോലീസിന്റെയും സഹായം തേടേണ്ടതാണെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾസ് 2009-ലെ അമന്റ്മെന്റ് പ്രകാരം അസിസ്റ്റന്റ് എൻജിനീയർമാരുടെ പ്രൊമോഷൻ

237 (4280) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾ 2009-ലെ അമെന്റ്മെന്റ് പ്രകാരം അസിസ്റ്റന്റ് എൻജിനീയർമാരുടെ പ്രൊമോഷൻ ഡയറക്ട് റിക്രൂട്ട്സിന്റെയും ഡിപ്ലോമക്കാരുടെയും അനുപാതം 3:1 എന്നത് പരിഷ്കരിക്കുമോ ; 2009 ഒക്ടോബർ 1-ാം തീയതി ബഹു: കോടതിവിധി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്ന് നാളിതുവരെ സ്പെഷ്യൽ റൂൾ ഭേദഗതി ഉണ്ടായിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly